# സിംഗൂരിലെ ടാറ്റ കാർ ഫാക്ടറിയ്ക്കെതിരെ സമരം : വാസ്തവമെ(

അനിവർ അരവിന്ദ്

- സിംഗൂർ സമരത്തിനുപിന്നിൽ മൂലധന ശക്തികളുടെ സ്പർദ്ധയാണെന്ന് *പ്രകാശ് കാരാട്ട്*
- മേധാ പട്കർ സാമ്രാജ്യത്വ താൽപര്യങ്ങൾക്കാണ് സമരം ചെയ്യുന്നതെന്ന് *ബിമൽബസു* (പശ്ചിമബംഗാൾ സിപിഐ (എം) സ്റ്റേറ്റ് സെക്രട്ടറി)
- സിംഗൂരിലെ കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച അരുന്ധതി റോയിയെ അശ്ലീലവാക്കുകൾ കൊണ്ടു പൊതിയുന്ന *വൃന്ദകാരാട്ട്*
- സിംഗൂരിലെ സമരം സാമ്രാജ്യത്വ താൽപര്യ സംരക്ഷകരായ മാധ്യമങ്ങളുടെ ഗൂഢാലോചനയാണെന്ന് *സീതാറാം യെച്ചൂരി.*
- എന്താണ് സിംഗൂരിൽ സംഭവിക്കുന്നത്?

### അൽപ്പം ചരിത്രം

സിംഗൂർ പശ്ചിമബംഗാളിലെ ഹൂബ്ളി ജില്ലയിലെ ഒരു കാർഷിക മേഖലയാണ്. 2006 മെയ് മാസത്തിൽ പശ്ചിമബംഗാൾ ഗവൺമെന്റ് ടാറ്റയുടെ ചെറുകാർ നിർമ്മാണ ഫാക്ടറിക്കായി സിംഗൂരിലെ 997 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുകയും ഒരു നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തു. കർഷകരും കർഷകതൊഴിലാളികളുമടക്കം ഏകദേശം 6,000 കുടുംബങ്ങളുടെ ഭൂമിയും ജീവിതസാഹചര്യങ്ങൾ നഷ്ടപ്പെടുന്ന ഒരു തീരുമാനമായിരുന്നു ഇത്. ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക തീരുമാനിച്ചെങ്കിലും ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് യാതൊരു നഷ്ടപരിഹാരവും നൽകിയില്ല. എന്നാൽപ്പോലും ഭൂരിഭാഗം ഭൂവുടമകളും തങ്ങളുടെ ഭൂമി വിട്ടുകൊടുക്കാൻ തയ്യാറുമല്ലായിരുന്നു. നഷ്ടപരിഹാരമല്ലാതെ യാതൊരു പുനരധിവാസ പദ്ധതിയും ഗവൺമെന്റിനുണ്ടായിരുന്നില്ല. 2006 നവംബർ 30ന് ബംഗാളിലെ ഇടതുപക്ഷ ഗവൺമെന്റ് സിംഗൂർ ബ്ലോക്കിലും സിംഗൂരിലേക്കുള്ള എല്ലാ റോഡുകളിലും 144 പ്രഖ്യാപിച്ചു. ഇത് ജനങ്ങളുടെ പ്രതിഷേധിക്കാനുള്ള അവകാശത്തെ ബാധിക്കുകയും പുറമേ നിന്നുള്ള ഏതുതരം പിന്തുണകളേയും അസാദ്ധ്യമാക്കുകയും ചെയ്തു. ഇങ്ങനെയുള്ള അവസ്ഥയിലാണ് ഭൂമി ഏറ്റെടുത്ത് വേലികെട്ടി തുടങ്ങിയത്.

### പോലീസ് നടപടി

ഡിസംബർ 2ന് ബംഗാൾ ഗവൺമെന്റ് 6000ത്തോളം പോലീസുകാരുമായി ഗ്രാമത്തിൽ പ്രവേശിക്കുകയും കർഷകത്തൊഴിലാളികൾക്കും ചെറുകിട കർഷകർക്കും എതിരെ ക്രൂരമായ നടപടിയെടുക്കുകയും ചെയ്തു. ഇത് വൻ പ്രതിഷേധത്തിനിടയാക്കുകയും കൃഷി ജമി രക്ഷാ കമ്മിറ്റി (KJRC) യുടെ നേതൃത്വത്തിൽ സ്ത്രീകളടക്കം വലിയൊരു സംഘം സംസ്ഥാന ഗവൺമെന്റിന്റെ നീതിപൂർവ്വമല്ലാത്ത ഭൂമി പിടിച്ചെടുക്കലിനെതിരെ പ്രകടനം നടത്തുകയും ചെയ്തു. ഭൂമി ടാറ്റാ മോട്ടേഴ്സിനു വിട്ടുകൊടുക്കാത്തവർക്കു നേരെ ഭീകരമായ ഒരു ലാത്തിച്ചാർജ്ജാണ് പിന്നീട് അരങ്ങേറിയത്. സ്ത്രീകളേയും കുട്ടികളേയും മുതിർന്നവരെയും അടക്കം തല്ലിത്തകർത്ത പോലീസ് ഗ്രാമങ്ങൾക്കുള്ളിൽ വരെ റബ്ബർ ബുള്ളറ്റുകളും ടിയർ ഗ്യാസ് ഷെല്ലുകളും പ്രയോഗിക്കുകയുണ്ടായി. ഈ ഭരണകൂട ഭീകരതയുടെ ലഭ്യമായ ചാനൽദൃശ്യങ്ങൾ മുത്തങ്ങയിലെ പോലീസ് നടപടിയേയും മണിപ്പൂരിലെ പട്ടാളഭീകരതയേയും ഓർമ്മിപ്പിക്കുന്നതാണ്.

ബെറാബേരി, ഖസീർഭേരി വില്ലേജുകളിൽ നിന്നായി അറസ്റ്റ് ചെയ്യപ്പെട്ട 18 സ്ത്രീകളടക്കം 50 ഗ്രാമീണർക്കെതിരെ വധശ്രമത്തിനാണ് കേസ് എടുത്തിരിക്കുന്നത്. ഈ 50 കൊലയാളികളിൽ 73 വയസ്സ് പ്രായമുള്ള സ്ത്രീ മുതൽ 13–14 വയസ്സുള്ള രണ്ടു പെൺകുട്ടികൾ വരെ ഉൾപ്പെടുന്നു. മിക്ക വീടുകളും വീട്ടുപകരണങ്ങളും പോലീസ് തല്ലിപ്പൊളിച്ച നിലയിലാണ്.

### ഭൂമി ഏറ്റെടുക്കൽ

ഡിസംബർ 6ന് പശ്ചിമ ബംഗാളിലെ സാമൂഹ്യ പ്രവർത്തകരുടെ നേതൃത്വത്തിലുള്ള ഒരു വസ്തുതാന്വേഷണ സംഘം 300ഓളം കുടുംബങ്ങളെ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. ഈ കുടുംബങ്ങൾക്കായി 184 ഏക്കർ ഭൂമിയിലുള്ളതിൽ ഒരാളും അവരുടെ ഭൂമി ഗവൺമെന്റിന് വിട്ടുകൊടുക്കാൻ താൽപ്പര്യപ്പെട്ടില്ല. ഈ ഭൂമി മൊത്തം പ്രൊജക്റ്റ് ഏരിയയുടെ 20% വരും.